Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം വെള്ളി - മർക്കോ 12: 18-27

പുനരുത്ഥാനത്തിൽ വിശ്വാസമില്ലാത്ത സദുക്കായരാണ് മരണശേഷമുള്ള ഒരുവന്റെ അവസ്ഥയെക്കുറിച്ച് ഈശോയോട് ചോദിക്കുന്നത്. അവരുടെ ചോദ്യത്തിന് ഉത്തരമായി ഈശോ രണ്ടുകാര്യങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. ഒന്നാമതായി, പുനരുത്ഥാനത്തെക്കുറിച്ചുള്ള സദുക്കായരുടെ അജ്ഞതയും അവിശ്വാസവും. രണ്ടാമതായി, മരിച്ചവരുടെ ഉയിർപ്പും നിത്യജീവിതവും. ആത്മാവ് ശരീരത്തോടൊപ്പം നശിക്കുമെന്നാണ് സദുക്കായർ കരുതിയത്. ഇത് തെറ്റാണെന്ന് ഈശോ അവരെ പഠിപ്പിക്കുന്നു. ഭൂമിയിലെ അവസ്ഥയുടെ പശ്ചാത്തലത്തിലല്ല, സ്വർഗീയഅവസ്ഥയെ മനസ്സിലാക്കേണ്ടത്. മരിച്ചവർ ഉയിർത്തെഴുന്നേല്പ്പിക്കപ്പെടുകയും സ്വർഗത്തിലെ മാലാഖമാരെപ്പോലെയായിത്തീരുകയും ചെയ്യും. അവർ ദൈവവുമായി പൂർണ്ണഐക്യത്തിലായിരിക്കും. മരിച്ചവരുടെ ഉയിർപ്പും നിത്യമായജീവിതവും സഭയുടെ അടിസ്ഥാനതത്ത്വങ്ങളിലൊന്നായി നമ്മൾ വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നു. ക്രിസ്ത്യാനികളുടെ ആത്മവിശ്വാസം മരിച്ചവരുടെ ഉയിർപ്പാണെന്ന് സഭാപിതാവായ തെർത്തുല്യൻ പ്രസ്താവിക്കുന്നു. പുനരുത്ഥാനത്തിലുള്ള പ്രതീക്ഷയോടെ ജീവിക്കുവാൻ നോമ്പുകാലത്ത് ശ്രമിക്കാം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട്      Read More:www.syromalabarliturgy.org